# വെളിപ്പാട് പുസ്തകത്തിന്റെ ജീവ-പഠനം

## ദൂത് അമ്പത്തിനാല്

## കുഞ്ഞാടിന്റെ വിവാഹവും വിവാഹവിരുന്നും

Tue പതിനാറും, പതിനേഴും, പതിനെട്ടും അധ്യായങ്ങളിൽ വെളിപ്പെടുത്തിയിരിക്കുന്ന സകല പ്രതിലോമകാര്യങ്ങളുടെയുംമേലുള്ള ദൈവത്തിന്റെ ന്യായവിധിക്കുശേഷം നമുക്ക് കുഞ്ഞാടിന്റെ വിവാഹവും വിവാഹവിരുന്നും ഉണ്ട് (19:5-10). കുഞ്ഞാടെന്ന നിലയിൽ ക്രിസ്തുവിന് ഒരു വിവാഹം ആവശ്യമാണെന്ന് ഒരുപക്ഷേ നിങ്ങൾ ഒരിക്കലും ചിന്തിച്ചിട്ടുണ്ടാവില്ല. ഈ ധാരണ തികച്ചും മതപരമല്ലാത്തതാണ്. വീണ്ടെടുപ്പുകാരന് ഒരു വിവാഹം ആവശ്യമാണെന്ന് ആരെങ്കിലും ചിന്തിക്കുമോ? "ഇതാ, ലോകത്തിന്റെ പാപത്തെ നീക്കിക്കളയുന്ന ദൈവത്തിന്റെ കുഞ്ഞാട്!" എന്ന് ഒരു ദിവസം യോഹന്നാൻ സ്നാപകൻ പ്രഖ്യാപിച്ചു (യോഹ. 1:29). ലോകത്തിന്റെ പാപം നീക്കിക്കളയുന്ന കുഞ്ഞാടായി ക്രിസ്തു വന്നുവെന്ന് ഈ വാക്യം വ്യക്തമായി വെളിപ്പെടുത്തുന്നു. പിന്നീട്, ക്രിസ്തു മണവാളനാണെന്നും യോഹന്നാൻ സ്നാപകൻ സൂചിപ്പിച്ചു. യോഹന്നാൻ പറഞ്ഞു, "മണവാട്ടി ഉള്ളവൻ മണവാളൻ ആകുന്നു; എന്നാൽ നിന്നു മണവാളനെ കേൾക്കുന്നവനായ അവന്റെ സ്നേഹിതൻ, മണവാളന്റെ ശബ്ദം നിമിത്തം സന്തോഷത്താൽ ആനന്ദിക്കുന്നു. അതുകൊണ്ട് എന്റെ ഈ സന്തോഷം പൂർണമായിരിക്കുന്നു" (യോഹ. 3:29). ഇക്കാരണത്താൽ, യോഹന്നാന്റെ സുവിശേഷത്തിൽ, ക്രിസ്തുവിനെ പാപം നീക്കിക്കളയുവാൻ വന്ന കുഞ്ഞാടായും മണവാട്ടി ഉണ്ടായിരിക്കുവാൻ വന്ന മണവാളനായും വെളിപ്പെടുത്തിയിരിക്കുന്നു. ക്രിസ്തുവിന്റെ ലക്ഷ്യം പാപത്തെ നീക്കിക്കളയുന്നതല്ല; മണവാട്ടി ഉണ്ടായിരിക്കുന്നതാണ്. അപ്പൊസ്തലനായ യോഹന്നാൻ എഴുതിയ വെളിപ്പാട് പുസ്തകത്തിലും നമ്മുടെ വീണ്ടെടുപ്പുകാരനായ ക്രിസ്തു കുഞ്ഞാടാണെന്നും വരുവാൻപോകുന്ന മണവാളനാണെന്നും നാം കാണുന്നു. അതുകൊണ്ട്, മണവാളനാണെന്ന നിലയിൽ, അവന് ഒരു വിവാഹം ഉണ്ടായിരിക്കണം.

കുഞ്ഞാടിന്റെ വിവാഹം സാർവത്രികമായ ഒരു വിവാഹമാണ്. അത് വീണ്ടെടുപ്പുകാരന്റെയും വീണ്ടെടുക്കപ്പെട്ടവരുടെയും വിവാഹമായിരിക്കും. വേദപുസ്തകത്തിന്റെ ഏറ്റവും അവസാനത്തിൽ

നാം പുതിയ യെരൂശലേം എന്ന നഗരത്തെ കാണുന്നു. ഈ നഗരം കാന്തയും (21:2, 9-10) വീണ്ടെടുക്കുന്ന ദൈവം ഭർത്താവും ആണ്. ദൈവത്തിന്റെയും മനുഷ്യന്റെയും വിവാഹമെന്ന ഈ ധാരണ മതത്തിന് അന്യമാണെങ്കിലും, നമ്മുടെ സ്ഥാനം ഒരു മണവാട്ടിയുടേതാണെന്നും വരുവാൻപോകുന്ന ക്രിസ്തുവിന്റെ സ്ഥാനം മണവാളന്റേതാണെന്നും കാണിക്കുന്നതിനായി കർത്താവിന്റെ പ്രത്യുദ്ധാരത്തിൽ നാം ഇതിന് ഊന്നൽ നല്കുന്നു. അവനെ എതിരേൽക്കുന്ന മണവാട്ടിയായിത്തീരുന്നതിന് നാം ഭൂമിയിൽ ഒരുക്കപ്പെട്ടുകൊണ്ടിരിക്കുന്നു, നമ്മെ എതിരേൽക്കുന്ന മണവാളനായി വരുന്നതിന് അവൻ മൂന്നാം സ്വർഗത്തിലെ സിംഹാസനത്തിൽ ഒരുങ്ങിയിരിക്കുന്നു. അങ്ങനെ, അവൻ മണവാളനായി വരുകയും, നാം മണവാട്ടിയായി പോകുകയും ചെയ്യുന്നു. മണവാട്ടിയും മണവാളനും, സ്വർഗത്തിലോ ഭൂമിയിലോ അല്ല, ആകാശത്തിൽ കണ്ടുമുട്ടും. നാം അവനെ ആകാശത്തിൽ കണ്ടുമുട്ടുമ്പോൾ നമുക്ക് ഒരു വിവാഹം ഉണ്ടായിരിക്കും.

## I. മഹതിയാം ബാബിലോണിന്റെ നശീകരണത്തിനുശേഷം

കുഞ്ഞാടിന്റെ വിവാഹം മഹതിയാം ബാബിലോണിന്റെ നശീകരണത്തിനുശേഷം സംഭവിക്കും (19:1-4). ഈ പ്രപഞ്ചത്തിൽ നിർമല കന്യകയായ ഒരു മണവാട്ടി മാത്രമല്ല ഉള്ളത്; മഹാവേശ്യ എന്ന ഒരു വ്യാജവും ഉണ്ട്. മണവാട്ടിയുടെ ഭാഗംപോലും വേശ്യയാൽ പിടിച്ചടക്കപ്പെടുകയും അവളിൽ ഉൾപ്പെട്ടും ഇരിക്കുന്നു. മാഡം ഗയോണിന്റെ ഉദാഹരണം എടുക്കുക. അവൾ തീർച്ചയായും മണവാട്ടിയുടെ ഭാഗമായിരുന്നുവെങ്കിലും, അവൾ വേശ്യയിൽ ഉൾപ്പെട്ടിരുന്നു. എന്നാൽ വേശ്യ മാഡം ഗയോണിനെ സ്നേഹിച്ചില്ല; മറിച്ച് അവൾ അവളെ തടവറയിലേക്ക് എറിഞ്ഞുകളഞ്ഞു. എന്നിരുന്നാലും, മാഡം ഗയോൺ വ്യക്തമായും വേശ്യയിൽ ഉൾപ്പെട്ടിരുന്നു. ഞങ്ങൾ ചൂണ്ടിക്കാണിച്ചതുപോലെ, അവൾ മറിയയുടെ പ്രതിമയ്ക്കുമുമ്പിൽ നിൽക്കുകപോലും ചെയ്തു. ഇന്നത്തെ സാഹചര്യം വളരെ സങ്കീർണ്ണമാണ്. വേദപുസ്തകം വേശ്യയെ കുറ്റംവിധിക്കുന്നു, നാമും അവളെ കുറ്റംവിധിക്കുന്നു. എന്നാൽ വേശ്യയുടെ ഉള്ളിൽ ധാരാളം യഥാർഥ വിശ്വാസികളുണ്ട്; അവരിൽ അനേകരും സംഘടനകളിൽ ഉള്ളവരെക്കാൾ ജാഗ്രതയോടെ കർത്താവിനെ അന്വേഷിക്കുന്നവരാണ്. സാഹചര്യം സങ്കീർണ്ണമായതുകൊണ്ട് നമ്മുടെ ദർശനം വ്യക്തമായിരിക്കണം. നാം എവിടെ ആയിരിക്കണമെന്ന് അറിയുകയും, വേശ്യ എന്ന വ്യാജയുമായി ഒരിക്കലും മുഴുകാതിരിക്കുകയും വേണം.

സാത്താൻ എപ്പോഴും ദൈവത്തിന്റെ കാര്യങ്ങളോട് അവനെത്തന്നെ ഉൾപ്പെടുത്തുവാൻ ശ്രമിക്കുന്നുവെന്ന് വേദപുസ്തകം വെളിപ്പെടുത്തുന്നു. സാത്താന്യമായ പ്രവൃത്തികൾ എപ്പോഴും

ദൈവത്തിന്റെ നീക്കത്താൽ ഉണർത്തപ്പെടുന്നു. വേദപുസ്തകമനുസരിച്ച്, ദൈവത്തിന്റെ നീക്കത്തോട് ഇടപെടുവാൻ സാത്താൻ ശ്രമിക്കാത്ത ഒരു കാര്യവും ഇല്ല. ദൈവം പോകുന്നിടത്തെല്ലാം സാത്താനും പോകുന്നു. സുവിശേഷം പ്രസംഗിക്കുന്നതിൽപോലും അവൻ സജീവമായിരിക്കുകയും, സഭയുടെ കെട്ടുപണിയുടെ വേലയിലേക്ക് അവനെത്തന്നെ കുത്തിവയ്ക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നു. പെന്തക്കോസ്തുദിനത്തിൽ ദൈവവും സാത്താനും സജീവമായിരുന്നു. കർത്താവിന്റെ പ്രത്യുദ്ധാരത്തിലും തത്ത്വം ഇതുതന്നെയാണ്, കാരണം സാത്താൻ ഇപ്പോഴും ദൈവം ചെയ്യുന്നതിന്റെ ഒരു വ്യാജം ആസൂത്രണംചെയ്യുകൊണ്ടിരിക്കുന്നു. മിക്കപ്പോഴും, സാത്താന്റെ വേല ദൈവത്തിന്റെ വേലയ്ക്കു മുമ്പായിരിക്കും. ഉദാഹരണത്തിന്, യെരൂശലേം ദൈവത്താൽ പണിയപ്പെടുന്നതിനുമുമ്പ് സാത്താൻ ബാബേൽഗോപുരവും നഗരവും പണിതു. സാത്താൻ ദൈവത്തിന്റെ ഉദ്ദേശ്യം അറിയുകയും ദൈവം തന്റെ പദ്ധതി നിർവഹിക്കുന്നതിനുമുമ്പ് ഒരു വ്യാജം ഉളവാക്കുവാൻ അവൻ ശ്രമിക്കുകയും ചെയ്യുന്നു. എത്ര കൗശലക്കാരനാണവൻ! മണവാട്ടിയെ സംബന്ധിച്ച സാത്താന്റെ വ്യാജത്തെ നാം വ്യക്തമായി ഗ്രഹിക്കുകയും അവയാൽ ഒരിക്കലും കുടുങ്ങിപ്പോകാതിരിക്കുകയും വേണം. നാം മണവാട്ടിയുടെ ഭാഗമാണ്. പിന്നെങ്ങനെയാണ് ആ വേശ്യയോട് ബന്ധപ്പെട്ടിരിക്കുവാൻ നമുക്കു കഴിയുന്നത്?

വർഷങ്ങളോളം പ്രിയപ്പെട്ട നിരവധി ക്രിസ്ത്യാനികൾ എന്റെ അടുക്കൽ വരുകയും, എന്നോട് വാദിക്കുവാനും എന്നെ കീഴ്പെടുത്തുവാനും അവരാൽ കഴിയുന്നിടത്തോളം ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. ചിലർ പറഞ്ഞു, "ലീ സഹോദരാ, ഞാൻ കർത്താവിൽ ഒരു യഥാർഥ സഹോദരനാണെന്ന് നീ തിരിച്ചറിയുന്നില്ലേ? എല്ലാ സംഘടനകളിലും സത്യവിശ്വാസികൾ അനവധിയുണ്ടെന്ന് നിനക്കറിയില്ലേ? പിന്നെന്തിനാണ് നീ ഞങ്ങളെയെല്ലാം നിരാകരിക്കുന്നത്?" ഇങ്ങനെയുള്ള ചോദ്യങ്ങളുമായി പിന്നെയും പിന്നെയും ശക്തന്മാരായ ക്രിസ്ത്യാനികൾ എന്നെ അഭിമുഖീകരിച്ചിട്ടുണ്ട്. "നീ ഒരു വാത്സല്യ സഹോദരനാണ്, ഞാൻ നിന്നെ നിരാകരിക്കുന്നില്ല. എങ്കിലും, നീ എവിടെയാണെന്ന് നിനക്കറിയാമോ? നീ ദൈവത്താൽ കുറ്റംവിധിക്കപ്പെട്ട ഒരു സ്ഥലത്താണ്. ഒരു സഹോദരനെന്ന നിലയിൽ നീ ശരിയാണെങ്കിലും, നീ ഇപ്പോഴും തെറ്റായ സ്ഥലത്താണ്" എന്നു പറഞ്ഞുകൊണ്ട് ഞാൻ എപ്പോഴും അവർക്ക് ഉത്തരം നല്കുന്നു. വ്യക്തിയും സ്ഥലവും തമ്മിലുള്ള വ്യത്യാസം നാം കാണണം. വ്യക്തി തികച്ചും ശരിയായിരിക്കാം, എന്നാൽ അവൻ നിൽക്കുന്ന സ്ഥലം മൊത്തത്തിൽ തെറ്റായിരിക്കാം.

1957-ൽ കർത്താവിന്റെ ഒരു പ്രിയപ്പെട്ട ദാസൻ തായ്വാനിലേക്ക് ക്ഷണിക്കപ്പെട്ടു. അദ്ദേഹത്തിന്റെ സന്ദർശനസമയത്ത് നേതൃത്വം

നല്കുന്ന സഹോദരന്മാർ അദ്ദേഹവുമായി വളരെയധികം കൂട്ടായ്മ ആചരിച്ചു. സഹോദരന്മാരിൽ ഒരുവൻ അദ്ദേഹത്തോടു പറഞ്ഞു: "തങ്ങൾ സംഘടനയിൽപെടാത്തവരാണെന്നും കർത്താവായ യേശുവിന്റെ നാമത്തിൽ കൂടിവരുന്നവരാണെന്നും അവകാശപ്പെട്ടുകൊണ്ട് ഇവിടെ തായ്‌പേയിയിൽ നിരവധി ക്രിസ്തീയ കൂട്ടങ്ങൾ ഉണ്ട്. സഹോദരാ, ഈ കൂട്ടങ്ങളിൽ ഏതാണ് ശരിയെന്ന് ഞങ്ങൾക്കു പറഞ്ഞുതരിക." അവയിൽ ഒന്നുംതന്നെ പൂർണ്ണമായും ശരിയല്ലെന്നും, താരതമ്യേന അവ എല്ലാം ശരിയാണെന്നും അദ്ദേഹം ഉത്തരം പറഞ്ഞു. ഈ ഉത്തരത്തിൽ ഞെട്ടിപ്പോയിട്ട്, എന്തു നിലവാരത്താലാണ് ഈ കൂട്ടങ്ങൾ താരതമ്യേന ശരിയാണെന്ന് പറയുന്നതെന്ന് ഉടൻതന്നെ സഹോദരന്മാർ അദ്ദേഹത്തോടു ചോദിച്ചു. ക്രിസ്തുവിന്റെ അളവിനനുസരിച്ച് അവർ താരതമ്യേന ശരിയാണെന്നായിരുന്നു അദ്ദേഹത്തിന്റെ ഉത്തരം. നമുക്കുള്ള ക്രിസ്തുവിന്റെ അളവ് എത്രയധികം വലുതാണോ, അത്രയധികം സഭയുടെ വിഷയത്തിൽ നാം ശരിയായിരിക്കുകയും, ക്രിസ്തുവിന്റെ അളവ് നമുക്ക് എത്രത്തോളം ചെറുതാണോ, അത്രയുംകുറച്ച് ഈ വിഷയത്തിൽ നാം ശരിയായിരിക്കുകയും ചെയ്യും എന്ന് അവൻ പറഞ്ഞു. ഈ സഹോദരനുമായുള്ള ആദ്യത്തെ രണ്ടു യോഗങ്ങളിൽ പരിഭാഷപ്പെടുത്തിയത് ഞാനായിരുന്നു. എന്നാൽ ഈ ഘട്ടത്തിൽ ഞാൻ ആ വാഗ്വാദത്തിലേക്ക് പ്രവേശിച്ചിട്ട് പറഞ്ഞു, "ഇപ്പോൾ നാം ക്രിസ്തുവിന്റെ അളവിനെക്കുറിച്ച് സംസാരിച്ചുകൊണ്ടിരിക്കുന്നു. ചിലർ പറയുന്നു, നമുക്കുള്ള ക്രിസ്തുവിന്റെ അളവ് എത്രയധികം വലുതാണോ, അത്രയധികം സഭാവിഷയത്തിൽ നാം ശരിയായിരിക്കും. കഴിഞ്ഞ മുന്നൂറു വർഷങ്ങളിൽ ഒരുപക്ഷേ മാഡം ഗയോണിനായിരുന്നു ക്രിസ്തുവിന്റെ അളവ് ഏറ്റവും കൂടുതൽ ഉണ്ടായിരുന്നതെന്ന് നാം എല്ലാവരും സമ്മതിക്കും. എന്നിരുന്നാലും, സഭയോടുള്ള ബന്ധത്തിൽ അവൾ ശരിയായിരുന്നുവെന്ന് നമുക്കു പറയുവാൻ കഴിയുമോ? അവൾ സാത്താന്യമായ റോമൻ കത്തോലിക്കാസഭയിലായിരുന്നു. പഴയനിയമത്തിലെ മുൻകുറിശാസ്ത്രത്തെയും നമുക്കു നോക്കാം. യിസ്രായേൽമക്കൾ ബദ്ധരാക്കപ്പെടുകയും എഴുപതു വർഷം അടിമത്തത്തിൽ ആയിരിക്കുകയും ചെയ്തു. ആ എഴുപതു വർഷങ്ങൾക്കുശേഷം യെരൂശലേമിലേക്കു മടങ്ങിപ്പോകുവാൻ അവരോട് കല്പിക്കുവാൻ ദൈവം കടന്നുവന്നു. ഒരു പ്രസംഗകൻ എഴുന്നേറ്റ് ഇങ്ങനെ പറഞ്ഞുവെന്ന് സങ്കല്പിക്കുക, 'യെരൂശലേമിലേക്ക് മടങ്ങിപ്പോകേണ്ട ആവശ്യമില്ല. ദാനീയേൽ എത്ര ആത്മികനാണെന്നു നോക്കുക, അവൻ ഇപ്പോഴും ബാബിലോണിലാണ്. നാം ആത്മികന്മാരായിരിക്കുന്നിടത്തോളം നാം എവിടെയാണെന്നത് ഒരു വിഷയമല്ല.' നിങ്ങൾ ഇതിനോടു യോജിക്കുന്നുണ്ടോ? ആത്മികന്മാരായിരിക്കുന്നത് ഒരു

കാര്യവും ശരിയായ സ്ഥലത്തായിരിക്കുന്നത് മറ്റൊരു കാര്യവും ആണ്. നിങ്ങൾ ദാനീയേലിനെപ്പോലെ ആത്മികനായിരിക്കാം, എന്നാൽ നിങ്ങൾ ബാബിലോണിൽ തുടരുന്നുവെങ്കിൽ, നിങ്ങൾ അപ്പോഴും ബാബിലോണിൽ തന്നെയാണ്. നിങ്ങളുടെ അവസ്ഥ ആത്മികമായിരിക്കാം, എന്നാൽ നിങ്ങൾ അപ്പോഴും അടിമത്തത്തിലാണ്. ദാനീയേലിനെ ഒരു ഒഴികഴിവായി ഉപയോഗിക്കരുത്. അവൻ ബാബിലോണിൽ തുടർന്നു എങ്കിലും, അവൻ യെരൂശലേമിന്റെ നേരേ ജനാലകൾ തുറന്ന് ദിവസവും മൂന്നു പ്രാവശ്യം പ്രാർഥിച്ചു (ദാനീ. 6:10). യെരൂശലേമിലേക്ക് മടങ്ങിപ്പോകുവാൻ അടിമത്തത്തിലായിരുന്നവരോടു കല്പിച്ച അതേ വർഷം ദാനീയേൽ മരിച്ചു (ദാനീ. 1:21; എസ്രാ 1:1-3). അവൻ ആ വർഷം മരിച്ചില്ലായിരുന്നുവെങ്കിൽ ഒരുപക്ഷേ മടങ്ങി ഷോകുമായിരുന്നു. നിങ്ങൾ ജീവിച്ചിരിക്കുന്നിടത്തോളം നിങ്ങൾ യെരൂശലേമിലേക്ക് മടങ്ങിപ്പോകണം. സ്ഥാനത്തിന്റെ വിഷയം അവഗണിക്കരുത്. കത്തോലിക്കാസഭയും സകല സംഘടനകളും ഭിന്നത കൊണ്ടുവരുന്ന കൂട്ടങ്ങളും പുതിയനിയമത്താൽ കുറ്റം വിധിക്കപ്പെട്ടവരാണ്. ആർക്ക് അവരെ ന്യായീകരിക്കുവാൻ കഴിയും? നിങ്ങൾ എത്രതന്നെ ആത്മികനായിരുന്നാലും, നിങ്ങൾ കത്തോലിക്കാസഭയിലോ, സംഘടനകളിലോ, ഭിന്നിപ്പിക്കുന്ന കൂട്ടങ്ങളിലോ ആയിരിക്കുന്നിടത്തോളം തിരുവെഴുത്തുകളാൽ കുറ്റംവിധിക്കപ്പെട്ട ഒരു സ്ഥാനത്താണ്."

Wed ചിലർ തങ്ങളെത്തന്നെ ന്യായീകരിക്കുമെങ്കിലും, അവർ തെറ്റായ സ്ഥലത്താണെന്ന് അവരുടെ മനഃസാക്ഷിയുടെ ആഴത്തിൽ അവർക്കറിയാം. ചിലർ എന്നോടു വാദിച്ചപ്പോൾ ഞാൻ പലപ്പോഴും പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു, "നിങ്ങൾ എന്നോടു തർക്കിക്കുന്നു വെങ്കിലും നിങ്ങളുടെ ഉള്ളിലുള്ള ഒരുവൻ എന്നോടു യോജിക്കുകയും നിങ്ങളോടു വിയോജിക്കുകയും ചെയ്യുന്നു. അകത്തുള്ള ഈ ഒരുവൻ നിങ്ങളുടെ വശം ചേരാതെ എന്റെ വശം ചേരുന്നു." സഭയുടെ മാർഗത്തിലേക്ക് തിരിഞ്ഞ നമ്മിൽ അനേകരും പെട്ടെന്ന് ദർശനം കണ്ടവരല്ല. മറിച്ച്, നാം ആയിരുന്നിടത്തു തങ്ങിയവരും സാഹചര്യത്തോടു പൊരുത്തപ്പെടുവാൻ ശ്രമിച്ചവരും ആണ്. ഒടുവിൽ, നമ്മെക്കാൾ കൂടുതൽ ബലമുള്ളവനായ ഉള്ളിലുള്ളവൻ നമ്മെ പിടിച്ചടക്കിയതിനാൽ നമുക്ക് ശരിയായ സ്ഥലത്ത് വരേണ്ടതായി വന്നു. ശരിയായ വ്യക്തിയായിരിക്കുന്നത് ഒരു കാര്യവും ശരിയായ സ്ഥലത്തായിരിക്കുന്നത് മറ്റൊരു കാര്യവുമാണെന്നതിൽ ദയവുചെയ്ത് വ്യക്തതയുള്ളവരായിരിക്കുക.

സങ്കീർണ്ണതകളുടെയും കലക്കത്തിന്റെയും ഒരു ദിവസത്തിലാണ് നാം ജീവിക്കുന്നത്. മണവാട്ടിയും വേശ്യയെന്ന വ്യാജയും, ഇവിടെ ഉണ്ട്. പ്രത്യക്ഷത്തിൽ, വേശ്യ മണവാട്ടിയെക്കാൾ വളരെ പ്രബലയാണ്. മണവാട്ടി ചെറിയ ഒരു സസ്യം മാത്രമാണ്, വേശ്യ

ഒരു വലിയ വൃക്ഷവും (മത്താ. 13:31-32). നിങ്ങൾ പുറമെയുള്ള കാഴ്ചയെ മാത്രമാണ് നോക്കുന്നതെങ്കിൽ വഞ്ചിക്കപ്പെടുകയും വ്യതിചലിക്കപ്പെടുകയും ചെയ്യും. അവ തമ്മിൽ വിവേചിച്ചറിയുവാൻ മിക്ക ക്രിസ്ത്യാനികൾക്കും പ്രയാസമാണ്. പുറമെയുള്ള കാഴ്ചയിൽ രണ്ടും ഏകദേശം ഒരുപോലെയാണ്—പൊന്നും, മുത്തും, വിലയേറിയ കല്ലും. അവ രണ്ടിനും ദൈവത്തിന്റേതായ ചിലതും, ക്രിസ്തുവിന്റേതായ ചിലതും, വേദപുസ്തകത്തിന്റേതായ ചിലതും ഉണ്ട്. എന്നാൽ ഇന്ന് കർത്താവിന്റെ പ്രത്യുദ്ധാരത്തിൽ ദർശനം വ്യക്തമായിരിക്കുകയും വെളിച്ചം പ്രകാശിക്കുകയും ചെയ്യുന്നു. ഈ വെളിച്ചം തുറന്നുകാണിക്കുകയും വിവേചിച്ചറിയുകയും ചെയ്യുന്നു. കർത്താവിന്റെ പ്രത്യുദ്ധാരത്തിലെ വെളിച്ചത്താൽ എന്താണ് യഥാർഥമെന്നും എന്താണ് തെറ്റെന്നും നമുക്കറിയാം; എന്താണ് മണവാട്ടിയെന്നും എന്താണ് വേശ്യയെന്നും നമുക്കറിയാം: നമുക്ക് ഒന്നിനെ മറ്റൊന്നിൽനിന്നും എളുപ്പത്തിൽ വിവേചിച്ചറിയുവാൻ കഴിയും. ഹല്ലേലൂയ്യാ, നാം മണവാട്ടിയിലാണ്, നമുക്ക് വേശ്യയുമായി യാതൊരു കാര്യവുമില്ല! കൂടാതെ, ഒരു ദിവസം കർത്താവ് ഈ വേശ്യയെ ന്യായംവിധിക്കുവാൻ ഇടപെടുമെന്ന് നമുക്കറിയാം. ഇക്കാരണത്താൽ, കർത്താവിന്റെ വിവാഹം വേശ്യയുടെ നശീകരണത്തിനുശേഷം സംഭവിക്കും.

നിങ്ങളിൽ ചിലർ ഇപ്പോഴും വേശ്യയെച്ചൊല്ലി സഹതപിക്കുന്നുണ്ടാകും. എന്നാൽ കുഞ്ഞാടിന്റെ വിവാഹം വരുമ്പോൾ നമ്മിലാരും അവളെച്ചൊല്ലി മേലാൽ സഹതപിക്കുകയില്ല എന്ന് എനിക്കുറപ്പുണ്ട്. ഇന്ന് അവൾക്കുവേണ്ടി നിങ്ങൾ വാദിക്കുമെങ്കിലും, ഒടുവിൽ അവൾ പൂർണ്ണമായി ദഹിപ്പിക്കപ്പെടുകയും നശിപ്പിക്കപ്പെടുകയും ചെയ്യും. കർത്താവ് വേശ്യയെ വെറുക്കുകയും, അവന്റെ മണവാട്ടിയുമായുള്ള സന്തോഷപ്രദമായ വിവാഹം അവൻ ആസ്വദിക്കുന്നതിനുമുമ്പ് അവൻ വേശ്യയെ സമ്പൂർണ്ണമായി നീക്കിക്കളയുകയും ചെയ്യും. ഒരു മണവാളനും യാതൊരു തരത്തിലുള്ള ത്രികോണബന്ധവും ആഗ്രഹിക്കുകയില്ല, മണവാളനെന്ന നിലയിൽ കർത്താവ് തീർച്ചയായും അങ്ങനെയുള്ള ഒരു കാര്യം സഹിക്കുകയില്ല. കുഞ്ഞാടിന്റെയും മണവാട്ടിയുടെയും വിവാഹത്തിൽ യാതൊരു മൂന്നാം കക്ഷിയും ഉണ്ടായിരിക്കുകയില്ല. വേശ്യയെന്ന മൂന്നാം കക്ഷി പൂർണ്ണമായി ദഹിപ്പിക്കപ്പെടും. ഇതിനായി കർത്താവിനെ സ്തുതിക്കാം! മഹതിയാം ബാബിലോൺ എന്ന ഈ വ്യാജയുടെ നശീകരണം കാണുന്നതിൽ ഞാൻ സന്തോഷിക്കും.

## II. ഭൂരിഭാഗം വിശ്വാസികളുടെ ഉൾപ്രാപണത്തിനുശേഷം

**ഭൂരിഭാഗം വിശ്വാസികളുടെ ഉൾപ്രാപണത്തിനുശേഷം കുഞ്ഞാടിന്റെ വിവാഹം വരും (1 തെസ്സ. 4:15-17). നിരവധി**

ഉൾപ്രാപണങ്ങൾ ഉണ്ടായിരിക്കും: ആദ്യഫലത്തിന്റെ ഉൾപ്രാപണവും, ആൺകുട്ടിയുടെ ഉൾപ്രാപണവും, കണ്ണാടിക്കടലിന്മേൽ നിൽക്കുന്ന ജയാളികളുടെ ഉൾപ്രാപണവും, രണ്ടു സാക്ഷികളുടെ ഉൾപ്രാപണവും, ഭൂരിഭാഗം വിശ്വാസികളുടെ ഉൾപ്രാപണവും, കാലായുടെ ഉൾപ്രാപണവും. കുഞ്ഞാടിന്റെ വിവാഹം ഈ സകല ഉൾപ്രാപണങ്ങൾക്കും ശേഷമായിരിക്കും.

## III. ക്രിസ്തുവിന്റെ ന്യായാസനത്തിനുശേഷം

ക്രിസ്തുവിന്റെ ന്യായാസനത്തിലെ ന്യായാവിധിക്കു ശേഷമായിരിക്കും കുഞ്ഞാടിന്റെ വിവാഹം (2 കൊരി. 5:10). സകല ഉൾപ്രാപണങ്ങൾക്കുംശേഷവും വിവാഹത്തിനുമുമ്പും ഏതെല്ലാം വിശ്വാസികൾ വിവാഹവിരുന്നിന് യോഗ്യരായിരിക്കും എന്നു തീരുമാനിക്കുവാൻ ക്രിസ്തുവിന്റെ ന്യായാസനത്തിങ്കൽ ന്യായവിധി ഉണ്ടായിരിക്കും. ക്രിസ്തുവിന്റെ ന്യായാസനത്തിൽവച്ച് നിങ്ങൾ പ്രതിഫലം പ്രാപിക്കുമെങ്കിൽ, നിങ്ങൾ വിവാഹവിരുന്നിൽ പങ്കെടുക്കും. നിങ്ങൾ പ്രതിഫലം പ്രാപിക്കാതെ കർത്താവിനാൽ നിരാകരിക്കപ്പെട്ടാൽ നിങ്ങൾ നശിച്ചുപോകയില്ല: എങ്കിലും 1 കൊരിന്ത്യർ 3:15-ൽ വിവരിച്ചിരിക്കുന്നതുപോലത്തെ നഷ്ടം നിങ്ങൾ സഹിക്കും. ഈ വാക്യം പറയുന്നു, "ആരുടെയെങ്കിലും വേല വെന്തുപോയാൽ, അവന് നഷ്ടമുണ്ടാകും, അവൻ രക്ഷിക്കപ്പെടും, എങ്കിലും തീയിലൂടെ എന്നപോലെയത്രേ." നഷ്ടം സഹിക്കുന്ന രക്ഷിക്കപ്പെട്ടവർക്ക് തീർച്ചയായും വിവാഹവിരുന്ന് നഷ്ടമാകും. മത്തായി 25:1-13 പ്രകാരം, വിവേകമുള്ള അഞ്ചു കന്യകമാർ വിവാഹവിരുന്നിന് പ്രവേശിപ്പിക്കപ്പെടുകയും, മൂഢരായ അഞ്ചുപേർ തിരസ്കരിക്കപ്പെടുകയും ചെയ്യും.

ക്രിസ്തുവിന്റെ ന്യായാസനത്തിൽവച്ചുള്ള ന്യായവിധി നാം രക്ഷിക്കപ്പെടുമോ അതോ നശിക്കുമോ എന്ന് തീരുമാനിക്കുകയില്ല: അത് നാം കർത്താവിൽനിന്ന് പ്രതിഫലം വാങ്ങുമോ, അതോ നഷ്ടം സഹിക്കുമോ എന്നു തീരുമാനിക്കും. ഈ ന്യായാസനത്തിനുമുമ്പിൽ രക്ഷിക്കപ്പെട്ടവർ മാത്രമേ പ്രത്യക്ഷപ്പെടുകയുള്ളൂ. കർത്താവ് സ്വർഗത്തിൽനിന്ന് ഭൂമിയിലേക്കു വരുമ്പോൾ അവൻ ആകാശത്തിൽ കുറച്ചുസമയം തങ്ങുകയും അവിടെ ചില വിഷയങ്ങളെ ശ്രദ്ധിക്കുകയും ചെയ്യും. ക്രിസ്തുവിന്റെ ന്യായാസനം ആകാശത്തിൽ സ്ഥാപിക്കും, വിവാഹവും അവിടെവച്ചായിരിക്കും നടക്കുന്നത്. ഈ ന്യായവിധിക്കും വിവാഹത്തിനുംശേഷം ക്രിസ്തു തന്റെ സൈന്യവുമായി തിരഞ്ഞെടുക്കപ്പെട്ടവരോടുകൂടെ ഹർമ്മഗെദ്ദോനിലെ യുദ്ധത്തിൽ എതിർക്രിസ്തുവിനോട് യുദ്ധംചെയ്യുവാൻ ഇറങ്ങിവരും. തന്മൂലം, ന്യായാസനവും വിവാഹവും ആകാശത്തിൽവച്ച് സംഭവിക്കും. അതുകൊണ്ട്, വിവാഹം വേശ്യയുടെ നശീകരണത്തിനുശേഷവും, സകല

ഉൾപ്രാപണങ്ങൾക്കുശേഷവും, ക്രിസ്തുവിന്റെ ന്യായാസനത്തിലെ ന്യായവിധിക്കുശേഷവും സംഭവിക്കും. നാം കാണുവാൻ പോകുന്നതുപോലെ, ന്യായാസനത്തിൽവച്ച് തിരഞ്ഞെടുക്കപ്പെടുന്നവർ മണവാട്ടിയും വിരുന്നിനുള്ള അതിഥികളും ആയിരിക്കും. അതിഥികളായിരിക്കും സംഘാത മണവാട്ടി.

## IV. കുഞ്ഞാടിന്റെ വിവാഹം

### A. ഒരു വലിയ പുരുഷാരത്തിന്റെ സ്തുതി

5 മുതൽ 7 വരെയുള്ള വാക്യങ്ങളിൽ നമുക്ക് ഒരു വലിയ പുരുഷാരത്തിന്റെ സ്തുതി ഉണ്ട്. ബാബിലോണിന്റെ നശീകരണം കഴിഞ്ഞ ഉടനെ കുഞ്ഞാടിന്റെ വിവാഹം വരുന്നു. മതപരവും ഭൗതികവുമായ മഹതിയാം ബാബിലോണിന്റെ ന്യായവിധിയും നശീകരണവും കുഞ്ഞാടിന്റെ വിവാഹത്തെയും ദൈവരാജ്യം ആകുന്ന ദൈവവാഴ്ചയെയും കൊണ്ടുവരുന്നു (വാ. 6). ഇക്കാരണത്താലാണ് രക്ഷിക്കപ്പെട്ട വലിയ പുരുഷാരം സന്തോഷിക്കുകയും ഹല്ലേലൂയ്യാകളോടുകൂടെ സ്തുതിക്കുകയും (വാ. 1, 3, 6), ഇരുപത്തിനാലു മൂപ്പന്മാരും നാലു ജീവികളും ദൈവത്തെ സ്തുതിക്കുന്നതിൽ അവരോടു ചേരുകയും ചെയ്യുന്നത് (വാ. 4).

ഈ വാക്യങ്ങളിൽ എന്തുമാത്രം ആവേശമുണർത്തുന്ന സംഭവമാണ് രേഖപ്പെടുത്തിയിരിക്കുന്നത്! ആ സമയം നാം വേശ്യയുടെ നശീകരണത്തിനു സാക്ഷികളാകുകയും, ന്യായാസനത്തിൽവച്ചുള്ള ന്യായവിധിയെ ജയിക്കുകയും, വിവാഹത്തിൽ ആയിരിക്കുകയും ചെയ്യും. ഹല്ലേലൂയ്യാ! ഇത് എത്ര ആശ്ചര്യകരം! ഞാൻ അവിടെ ആയിരിക്കുവാൻ പ്രതീക്ഷിക്കുകയും, ആ ദിവസത്തിനുവേണ്ടി ആകാംക്ഷയോടെ കാത്തിരിക്കുകയും ചെയ്യുന്നു.

വലിയ പുരുഷാരത്തിന്റെ ഘോഷത്തെ, "പെരുവെള്ളത്തിന്റെ ഇരെച്ചൽപോലെയും ശക്തിയേറിയ ഇടിമുഴക്കങ്ങളുടെ ശബ്ദം പോലെയും" ആണ് വാക്യം 6 വിവരിക്കുന്നത്. പെരുവെള്ളത്തിന്റെ ഇരെച്ചൽപോലെയുള്ള സ്തുതി തുടർച്ചയായി നിർഗമിക്കുകയും, ശക്തിയേറിയ ഇടിമുഴക്കങ്ങളുടെ ശബ്ദം ഗാംഭീര്യത്തെ പ്രദർശിപ്പിക്കുകയും ചെയ്യുന്നു.

### B. മണവാട്ടിയുടെ ഒരുക്കം

ഇനി നാം വളരെ നിർണ്ണായകമായ ഒരു വിഷയത്തിലേക്ക്, മണവാട്ടിയുടെ ഒരുക്കം എന്ന വിഷയത്തിലേക്കു വരുന്നു. വാക്യം 7 പറയുന്നു, "നാം സന്തോഷിച്ചുല്ലസിച്ച്, അവനു മഹത്വം കൊടുക്കുക, കുഞ്ഞാടിന്റെ വിവാഹം വന്നുവല്ലോ, അവന്റെ

കാന്തയും തന്നെത്താൻ ഒരുക്കിയിരിക്കുന്നു." "അവന്റെ കാന്ത" എന്നത് ക്രിസ്തുവിന്റെ മണവാട്ടിയായ (യോഹ. 3:29) സഭയെ പരാമർശിക്കുന്നു (എഫെ. 5:24-25, 31-32). എങ്കിലും, 8-ഉം 9-ഉം വാക്യങ്ങൾ അനുസരിച്ച് ഇവിടെ ക്രിസ്തുവിന്റെ മണവാട്ടിയായ കാന്തയിൽ സഹസ്രാബ്ദ കാലത്തുള്ള ജയാളികളായ വിശ്വാസികൾ മാത്രമേ ഉള്ളടങ്ങുന്നുള്ളൂ, 21:2-ലെ കാന്തയായ മണവാട്ടിയിൽ സഹസ്രാബ്ദത്തിനുശേഷം നിത്യതയോളം രക്ഷിക്കപ്പെട്ട സകല വിശുദ്ധന്മാരും ഉള്ളടങ്ങുന്നതാണ്. മണവാട്ടിയുടെ ഒരുക്കം ജയാളികളുടെ ജീവനിലുള്ള പക്വതയെ ആശ്രയിച്ചിരിക്കുന്നു. കൂടാതെ, ജയാളികൾ വേർപെട്ട ഒറ്റയ്ക്കുള്ള വ്യക്തികളല്ല ഒരു സംഘാത മണവാട്ടി ആണ്. ഈ വശത്തിന് കെട്ടുപണി ആവശ്യമാണ്. അവർ ജീവനിൽ പക്വതയുള്ളവർ മാത്രമല്ല, ഏക മണവാട്ടിയായി ഒരുമിച്ച് പണിയപ്പെട്ടവരും ആണ്.

### *1. തങ്ങളുടെ വ്യക്തിനിഷ്ഠമായ നീതിയായി വിശുദ്ധന്മാർ ക്രിസ്തുവിനെ ജീവിച്ചു വെളിപ്പെടുത്തുന്നു*

വാക്യം 8 പറയുന്നു, "അവൾക്കു ധരിക്കേണ്ടതിന് ശുഭ്രവും വെടിപ്പുമുള്ള നേരിയ ചണനൂൽ വസ്ത്രം നൽകിയിരുന്നു; നേരിയ ചണനൂൽ വസ്ത്രം വിശുദ്ധന്മാരുടെ നീതികൾ ആകുന്നു." *വെടിപ്പുള്ള* എന്നത് പ്രകൃതത്തെയും, *ശുഭ്രം* എന്നത് ആവിഷ്കാരത്തെയും പരാമർശിക്കുന്നു. *നീതികൾ* എന്നതിനുള്ള യവനപദത്തെ നീതിപ്രവൃത്തികൾ എന്നും പരിഭാഷപ്പെടുത്താവുന്നതാണ്. നീതികൾ എന്നത് നമ്മുടെ രക്ഷയ്ക്കുവേണ്ടിയുള്ള നീതിയായ ക്രിസ്തുവിനെയല്ല പരാമർശിക്കുന്നത് (1 കൊരി. 1:30). നീതിമാനായ ദൈവത്തിന്റെ ആവശ്യകത നിറവേറ്റേണ്ടതിന്, നമ്മുടെ രക്ഷയ്ക്കുവേണ്ടി നാം സ്വീകരിക്കുന്ന നീതി വസ്തുനിഷ്ഠമാണ്; എന്നാൽ ഇവിടെ, ജയിക്കുന്ന ക്രിസ്തുവിന്റെ ആവശ്യകത നിറവേറ്റേണ്ടതിന് ജയിക്കുന്ന വിശുദ്ധന്മാരുടെ നീതികൾ വ്യക്തിനിഷ്ഠമാണ് (ഫിലി. 3:9). തന്മൂലം, നേരിയ ചണനൂൽ സൂചിപ്പിക്കുന്നത് നമ്മുടെ ജയിക്കുന്ന ജീവനെ, നമ്മുടെ ജയജീവിതത്തെ ആണ്. അത് നമ്മുടെ ആളത്തത്തിൽനിന്ന് നാം ജീവിച്ചു വെളിപ്പെടുത്തുന്ന ക്രിസ്തുവാണ്.

### *2. മത്തായി 22-ലെ വിവാഹവസ്ത്രം*

മുഴുവൻ വേദപുസ്തകത്തിന്റെയും വെളിപാടനുസരിച്ച്, രക്ഷിക്കപ്പെട്ടവരായ നമുക്ക് രണ്ടു വസ്ത്രങ്ങൾ ആവശ്യമാണ്—ഒന്ന് നമ്മുടെ രക്ഷയ്ക്കുവേണ്ടിയും മറ്റൊന്ന് നമ്മുടെ പ്രതിഫലത്തിനു വേണ്ടിയും. നമ്മുടെ രക്ഷയ്ക്കുവേണ്ടി നമ്മെ ആവരണം ചെയ്യുവാൻ ഒരു അങ്കി നമുക്കാവശ്യമാണ്. ഈ അങ്കി ലൂക്കൊസ് 15-ൽ ധൂർത്തുപുത്രന്റെമേൽ ഇട്ട അങ്കിയാണ്. തന്റെ മടങ്ങിവരവിൽ, ധൂർത്തുപുത്രൻ

അവന്റെ പിതാവിനോടു പറഞ്ഞു, "പിതാവേ, ഞാൻ സ്വർഗത്തിന് എതിരായും നിന്റെ മുമ്പാകെയും പാപം ചെയ്തിരിക്കുന്നു: ഇനിമേൽ നിന്റെ പുത്രൻ എന്നു വിളിക്കപ്പെടുവാൻ ഞാൻ യോഗ്യനല്ല" (ലൂക്കൊ. 15:21). പിതാവിന്റെ മുമ്പിൽ അവൻ അയോഗ്യനാണെന്ന് സ്വയം ചിന്തിച്ചു. എന്നാൽ പിതാവ് തന്റെ ദാസന്മാരോടു പറഞ്ഞു, "മേൽത്തരമായ ആ മേലങ്കി പെട്ടെന്നു പുറത്തു കൊണ്ടുവന്ന് അവന്റെ മേൽ ഇടുവിൻ" (ലൂക്കൊ. 15:22). ഈ അങ്കി നമ്മുടെ നീതിയായ ക്രിസ്തു ആണ്. ഇത് ദൈവസന്നിധിയിൽ അവനാൽ നാം നീതീകരിക്കപ്പെടുവാൻ വേണ്ടിയാണ്. നമുക്കെല്ലാവർക്കും ഈ അങ്കി, ഒന്നാമത്തെ അങ്കി, ഉണ്ട്: അത് നീതിമാനായ ദൈവത്തിന്റെ മുമ്പാകെ നിൽക്കുവാൻ നമ്മെ പ്രാപ്തരാക്കുന്ന നമ്മുടെ നീതിയും, നമ്മുടെ നീതീകരണവുമായ ക്രിസ്തു ആണ്.

എങ്കിലും, നമുക്ക് മത്തായി 22:11-ലും 12-ലുമുള്ള വിവാഹവസ്ത്രം എന്ന രണ്ടാമത്തെ വസ്ത്രവും ആവശ്യമാണ്. ഈ വസ്ത്രം നമ്മുടെ രക്ഷയ്ക്കുവേണ്ടിയല്ല: മറിച്ച്, ദൈവപുത്രന്റെ വിവാഹവിരുന്നിൽ സംബന്ധിക്കുന്നതിൽ നമ്മെ യോഗ്യരാക്കുവാൻ നമ്മുടെ പ്രതിഫലത്തിനുവേണ്ടിയാണ്. ഒന്നാമത്തെ വസ്ത്രം നമ്മുടെ രക്ഷയ്ക്കുവേണ്ടി ദൈവത്തെ സന്ധിക്കുവാൻ നമ്മെ യോഗ്യരാക്കുന്നു. രണ്ടാമത്തെ വസ്ത്രം നമ്മുടെ പ്രതിഫലത്തിനുവേണ്ടി ക്രിസ്തുവിനെ സന്ധിക്കുവാൻ നമ്മെ യോഗ്യരാക്കുന്നു. രണ്ടാമത്തെ വസ്ത്രം നമ്മുടെ ഉള്ളിലുള്ള പരിശുദ്ധാത്മാവിന്റെ വേലയാണ്. അത് വാസ്തവത്തിൽ നാം ജീവിക്കുകയും, നാം ജീവിച്ചു വെളിപ്പെടുത്തുകയും ചെയ്യുന്ന ക്രിസ്തുതന്നെയാണ്. അത് നമ്മുടെ ദൈനംദിന ജീവിതത്തിൽ നമ്മിലൂടെ ആവിഷ്കരിക്കപ്പെടുന്ന ക്രിസ്തുവാണ്. ഇതാണ് വാക്യം 8-ലെ വിശുദ്ധന്മാരുടെ നീതികൾ.

രണ്ടാമത്തെ വസ്ത്രം മത്തായി 5:20-ലും പറഞ്ഞിരിക്കുന്ന നീതിയാണ്. ഈ വാക്യത്തിൽ കർത്താവായ യേശു പറഞ്ഞു, "നിങ്ങളുടെ നീതി ശാസ്ത്രിമാരുടെയും പരീശന്മാരുടെയും നീതിയെ കവിയാഞ്ഞാൽ, നിങ്ങൾ ഒരുവിധത്തിലും സ്വർഗരാജ്യത്തിലേക്കു പ്രവേശിക്കുകയില്ല." ഇത് ഘനമേറിയ വചനമാണ്: വളരെ കുറച്ചു ക്രിസ്ത്യാനികൾ മാത്രമേ ഇത് മനസ്സിലാക്കുന്നുള്ളൂ. നമുക്ക് പരീശന്മാരുടെ നീതിയെ കവിയുന്ന ഒരു നീതി ഉണ്ടായിരിക്കണമെന്ന് ഈ വാക്യം വ്യക്തമായി സൂചിപ്പിക്കുന്നു. ഈ നീതി നമ്മുടെ നീതീകരണത്തിനുവേണ്ടി നമ്മുടെ അങ്കിയായി നാം സ്വീകരിക്കുന്ന വസ്തുനിഷ്ഠനായ ക്രിസ്തു അല്ല. മറിച്ച്, നമ്മുടെ ദൈനംദിന ജീവിതമായി നാം ജീവിച്ചു വെളിപ്പെടുത്തുന്ന വ്യക്തിനിഷ്ഠനായ ക്രിസ്തു ആണ്. ഇത് നീതീകരിക്കുന്ന അങ്കിയല്ല: ഇത് പ്രതിഫലം സ്വീകരിക്കുവാൻ നമ്മെ യോഗ്യരാക്കുന്ന വസ്ത്രമാണ്.

മത്തായി 22:11-ലും 12-ലുമുള്ള വിവാഹവസ്ത്രം ഇതിനെ ഉദാഹരിക്കുന്നു. ഈ ഉപമയിൽ വിവാഹവസ്ത്രമില്ലാതെ

വിവാഹവിരുന്നിലേക്കു വരുന്ന ഒരു മനുഷ്യനെക്കുറിച്ച് കർത്താവു സംസാരിക്കുന്നു. അവനെ കാണുമ്പോൾ, രാജാവു പറയുന്നു, "സ്നേഹിതാ, വിവാഹവസ്ത്രം ഇല്ലാതെ നീ ഇവിടെ അകത്ത് എങ്ങനെ വന്നു?" അതിഥിയുടെ വാക്കു മുട്ടിപ്പോയി. അപ്പോൾ രാജാവ് തന്റെ ദാസന്മാരോടു പറയുന്നു, "അവന്റെ പാദങ്ങളും കൈകളും കെട്ടിയിട്ടു അവനെ പുറത്തുള്ള ഇരുട്ടിലേക്കു തള്ളിക്കളയുവിൻ. അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടായിരിക്കും" (മത്താ. 22:13). വിവാഹവസ്ത്രം നീതീകരിക്കുന്ന വസ്ത്രമല്ല; അത് വളരെ സവിശേഷമായ ഒരു വസ്ത്രമാണ്. പുരാതന യെഹൂദന്മാരുടെ രീതിയനുസരിച്ച്, സവിശേഷമായ ഒരു വിവാഹവസ്ത്രമില്ലാതെ ആർക്കും ഒരു വിവാഹവിരുന്നിൽ സംബന്ധിക്കുവാൻ കഴിഞ്ഞിരുന്നില്ല. നാം കുഞ്ഞാടിന്റെ വിവാഹവിരുന്നിൽ ആയിരിക്കണമെങ്കിൽ, നാം ഇങ്ങനെയുള്ള ഒരു വസ്ത്രം ധരിച്ചിരിക്കണം. നിങ്ങൾ ക്രിസ്തുവിന്റെ വിവാഹവിരുന്നിൽ സംബന്ധിക്കുവാൻ യോഗ്യതയുള്ളവനാകണമെങ്കിൽ നിങ്ങളുടെ ദൈനംദിന ജീവിതത്തിൽ ക്രിസ്തുവിനാൽ ജീവിക്കുകയും ക്രിസ്തുവിനെ വെളിപ്പെടുത്തി ജീവിക്കുകയും വേണം. വ്യക്തിനിഷ്ഠനായ ഈ ക്രിസ്തു ആയിരിക്കും നിങ്ങളെ വിവാഹവിരുന്നിലേക്ക് പ്രവേശിക്കുവാൻ യോഗ്യനാക്കുന്ന വിവാഹവസ്ത്രം. അതുകൊണ്ട്, നമുക്ക് നീതീകരിക്കുന്ന വസ്ത്രവും വിവാഹവസ്ത്രവും ആവശ്യമാണ്.

രണ്ടാമത്തെ വസ്ത്രം വെളിപ്പാട് 3:4, 5, 18 എന്നീ വാക്യങ്ങളിൽ പരാമർശിച്ചിരിക്കുന്നു. തങ്ങളുടെ വസ്ത്രങ്ങൾ മലിനമാക്കാത്തവർ വെള്ളധരിച്ചുകൊണ്ട് അവനോടുകൂടെ നടക്കുമെന്നും, ജയാളികളെ "വെള്ളവസ്ത്രം ധരിപ്പിക്കും" എന്നും സർദ്ദീസിലുള്ള സഭയോട് 3:4-ലും 5-ലും കർത്താവു പറഞ്ഞു. ഇത് വിവാഹവിരുന്നിനുവേണ്ടിയുള്ള വസ്ത്രമാണ്. 3:18-ൽ അവനിൽനിന്നും "വെള്ളവസ്ത്രം" വിലയ്ക്കുവാങ്ങുവാനായി ലവൊദിക്യയിലുള്ള സഭയെ കർത്താവ് ഉപദേശിച്ചു. അങ്ങനെ, വെളിപ്പാട് പുസ്തകത്തിൽ രണ്ടാമത്തെ വസ്ത്രത്തിന് ഊന്നൽ നല്കിയിരിക്കുന്നു. ഇത് നമുക്കില്ലെങ്കിൽ, നാം വിവാഹവിരുന്ന് നഷ്ടമാക്കും.

### *3. സങ്കീർത്തനം 45-ലെ ചിത്രത്തയിലുള്ള വസ്ത്രം*

സങ്കീർത്തനം 45-ലും ഈ രണ്ടു വസ്ത്രങ്ങൾ നമുക്ക് കാണാം. ഈ സങ്കീർത്തനത്തിൽ രാജ്ഞിക്ക് രണ്ടു വസ്ത്രങ്ങളുണ്ട് (വാ. 13-14): ഒന്ന് നമ്മുടെ രക്ഷയ്ക്കുവേണ്ടിയുള്ള വസ്തുനിഷ്ഠമായ നീതിയോടും, വേറൊന്ന് നമ്മുടെ വിജയത്തിനുവേണ്ടിയുള്ള വ്യക്തിനിഷ്ഠമായ നീതിയോടും യോജിക്കുന്നു. രണ്ടാമത്തേത് മത്തായി 22:11-ലും 12-ലുമുള്ള വിവാഹവസ്ത്രത്തിനു തുല്യമാണ്. സങ്കീർത്തനം 45-ലെ രാജ്ഞി സഭയെ സൂചിപ്പിക്കുന്നു.

അവളുടെ ഒന്നാമത്തെ വസ്ത്രം "പൊൻകസവുകൊണ്ടുള്ളതും" രണ്ടാമത്തേത് "ചിത്രത്തയ്യലുള്ളതും" ആണ്. വേദപുസ്തകത്തിൽ പൊന്ന് ദൈവത്തിന്റെ ദിവ്യപ്രകൃതത്തെ സൂചിപ്പിക്കുന്നു. നമ്മുടെ രക്ഷയുടെ സമയത്ത് ദൈവസന്നിധിയിൽ നിൽക്കുവാൻ നമ്മെ പ്രാപ്തരാക്കുന്ന പൊന്നുകൊണ്ടുള്ള ഒരു വസ്ത്രം നാം സ്വീകരിച്ചു. ഇതിനുപുറമെ, ചിത്രത്തയ്യലുള്ള വസ്ത്രമെന്ന മറ്റൊരു വസ്ത്രം നമുക്കാവശ്യമാണ്. ഈ ചിത്രത്തയ്യൽ പരിശുദ്ധാത്മാവിന്റെ രൂപാന്തരവേലയെ സൂചിപ്പിക്കുന്നു. ഒരു ചിത്രത്തയ്യൽക്കാരൻ വസ്ത്രത്തിലേക്ക് അനേകം തുന്നലുകൾ ഇടുന്നതുപോലെ, ഇന്ന് പരിശുദ്ധാത്മാവ് നമ്മെ രൂപാന്തരപ്പെടുത്തുവാൻ നമ്മുടെമേൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. നമുക്ക് ഒന്നാമത്തെ വസ്ത്രം ഉണ്ടെങ്കിലും, നമ്മുടെ രണ്ടാമത്തെ വസ്ത്രം പരിശുദ്ധാത്മാവിന്റെ ചിത്രത്തയ്യൽവേലയിൻകീഴിൽ തയ്യാറാക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഈ വസ്ത്രം ക്രിസ്തുവിന്റെ ന്യായാസനത്തിൽ അവനെ കാണുവാൻ നമ്മെ യോഗ്യരാക്കും. ദിനംതോറും നാം പരിശുദ്ധാത്മാവിന്റെ രൂപാന്തരപ്പെടുത്തൽ എന്ന സൂചിക്കു കീഴിലാണ്. നമുക്ക് ഈ രണ്ടാമത്തെ വസ്ത്രം എത്രമാത്രം ആവശ്യമാണ്! ഇത് ഗൗരവമേറിയ വിഷയമാണ്.

ഇത് എത്ര ഗൗരവമേറിയ വിഷയമാണെങ്കിലും, മിക്ക ക്രിസ്ത്യാനികളും ഒന്നാമത്തെ വസ്ത്രത്തെക്കുറിച്ചു മാത്രമേ കരുതുന്നുള്ളൂ. "ഞങ്ങൾ നീതീകരിക്കപ്പെടുകയും, വീണ്ടെടുക്കപ്പെടുകയും, രക്ഷിക്കപ്പെടുകയും ചെയ്തിരിക്കുന്നിടത്തോളം ഒരു കുഴപ്പവുമില്ല" എന്നുപോലും ചിലർ പറയുന്നു. ഇതിനു ചെവികൊടുക്കരുത്. നിങ്ങളുടെ രക്ഷയെ സംബന്ധിച്ചിടത്തോളം നിങ്ങൾക്ക് ഒരു കുഴപ്പവും കാണില്ല, എന്നാൽ പ്രതിഫലത്തെക്കുറിച്ച് എന്തു പറയുന്നു? നിങ്ങൾക്ക് നീതീകരണം മാത്രമല്ല ആവശ്യമായിരിക്കുന്നത്—നിങ്ങൾക്ക് അംഗീകാരവും ആവശ്യമാണ്. നിങ്ങൾ ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പിൽ നിൽക്കുമ്പോൾ, അവൻ നിങ്ങളെ അംഗീകരിക്കുമോ? എല്ലാവരും അല്ല, ചിലർ തിരഞ്ഞെടുക്കപ്പെടുമെന്ന് മത്തായി 22:14 വളരെ വ്യക്തമായി പറയുന്നു. പരിശുദ്ധാത്മാവിന്റെ ചിത്രത്തയ്യൽ വേലയാൽ ഉളവാക്കപ്പെട്ട രണ്ടാമത്തെ വസ്ത്രം ഉള്ളവർ മാത്രമാണ് കുഞ്ഞാടിന്റെ വിവാഹവിരുന്നിൽ സംബന്ധിക്കുവാൻ തിരഞ്ഞെടുക്കപ്പെടുകയും യോഗ്യതയുള്ളവരാകുകയും ചെയ്യുന്നത്.

## C. കർത്താവിന്റെ വാഴ്ചയെ കൊണ്ടുവരുന്നു

"ഹല്ലേലൂയ്യാ! സർവശക്തനായ നമ്മുടെ ദൈവമായ കർത്താവ് വാഴുന്നു" എന്ന് വാക്യം 6-ൽ വലിയ പുരുഷാരത്തിന്റെ ഘോഷം പ്രഖ്യാപിക്കുന്നു. രാജ്യമെന്ന ദൈവത്തിന്റെ വാഴ്ച കുഞ്ഞാടിന്റെ വിവാഹത്തോടു ബന്ധപ്പെട്ടിരിക്കുകയും, കുഞ്ഞാടിന്റെ വിവാഹം

ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥയുടെ പൂർത്തീകരണത്തിന്റെ ഫലവും ആണ്. പുതിയനിയമത്തിലുള്ള ദൈവത്തിന്റെ വ്യവസ്ഥ തന്റെ വീണ്ടെടുപ്പിലൂടെയും ദിവ്യജീവനിലൂടെയും ക്രിസ്തുവിന് സഭയെന്ന മണവാട്ടിയെ കരസ്ഥമാക്കുക എന്നതാണ്. സകല നൂറ്റാണ്ടുകളിലുമായുള്ള പരിശുദ്ധാത്മാവിന്റെ തുടർച്ചയായ വേലയാൽ ഈ യുഗത്തിന്റെ അന്ത്യത്തിൽ ഈ ലക്ഷ്യം നിറവേറും. അപ്പോൾ ജയാളികളായ വിശ്വാസികളോടുകൂടിയ മണവാട്ടി ഒരുക്കപ്പെടും. അതേ സമയംതന്നെ, ദൈവരാജ്യം വരും. ഇത് മത്തായി 26:29-ലെ കർത്താവിന്റെ പ്രവചനത്തോട് യോജിക്കുന്നു.

വിവാഹത്തിനു ക്ഷണിക്കപ്പെട്ട സകല അതിഥികളും സംഘാത മണവാട്ടിയും മണവാളന്റെ സഹരാജാക്കന്മാരുമായതുകൊണ്ട്, വിവാഹം രാജ്യമെന്ന കർത്താവിന്റെ വാഴ്ചയെ കൊണ്ടുവരും. തന്റെ രാജ്യമായി മുഴുവൻ ഭൂമിയെയും എടുക്കുന്ന മണവാളന് തീർച്ചയായും സഹരാജാക്കന്മാരായിരിക്കുവാൻ നിരവധി ഉപരാജാക്കന്മാർ ആവശ്യമാണ്. അവന്റെ എല്ലാ സഹരാജാക്കന്മാരും അവന്റെ സംഘാത മണവാട്ടിയായിരിക്കും.

വിവാഹവിരുന്നിന് എത്ര ദൈർഘ്യമുണ്ടായിരിക്കുമെന്ന് എനിക്ക് ഉറപ്പില്ല. ആകാശത്തിൽവച്ചു നടക്കുന്ന വിവാഹം അധികം നീണ്ടുനിൽക്കയില്ല. വിവാഹത്തിനുശേഷം, വിവാഹവിരുന്ന് ഉണ്ടായിരിക്കും. വിവാഹവിരുന്ന് എപ്പോഴും വിവാഹത്തെക്കാൾ ദൈർഘ്യമേറിയതായിരിക്കും. വിവാഹവിരുന്ന് ആയിരംവർഷം നീണ്ടുനിൽക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നതെങ്കിലും, പൂർണ്ണ ഉറപ്പോടെ ഇതു പറയുവാൻ യാതൊരു അടിത്തറയും വേദപുസ്തകം നമുക്കു നല്കുന്നില്ല. കർത്താവിന്, ആയിരം വർഷം ഒരു ദിവസംപോലെയാണ് (2 പത്രൊ. 3:8). വിവാഹവിരുന്ന് സഹസ്രാബ്ദരാജ്യം ആയിരിക്കുമെന്ന് മത്തായി 22 സൂചിപ്പിക്കുന്നു. നമുക്ക് സഹസ്രാബ്ദരാജ്യത്തിന്റെ ആയിരമാണ്ട് ഒരു വിവാഹവിരുന്നായിരിക്കും. വിവാഹവിരുന്നിലേക്ക് ക്ഷണിക്കപ്പെട്ടവരെല്ലാവരും ആയിരമാണ്ടു വാഴ്ചയിൽ രാജാക്കന്മാരായി പങ്കെടുക്കുകയും ചെയ്യും. നമ്മുടെ രാജാവ് മണവാളനായിരിക്കുകയും, അവന്റെ സഹരാജാക്കന്മാരായ നാം മണവാട്ടിയായിരിക്കുകയും, ആയിരം വർഷം മധുവിധുവായിരിക്കുകയും ചെയ്യും. ക്രിസ്തുവിന്റെ ആയിരമാണ്ടു വാഴ്ച നമ്മുടെ വിരുന്നായിരിക്കും.

വരുവാൻപോകുന്ന രാജ്യത്തിൽ നിരവധി ക്രിസ്ത്യാനികൾ ക്രിസ്തുവിനോടുകൂടെയുള്ള വാഴ്ച എന്ന പ്രതിഫലം പ്രാപിക്കുകയില്ലെന്ന് എനിക്ക് പൂർണ്ണ ഉറപ്പുണ്ട്. നിങ്ങൾ രക്ഷിക്കപ്പെട്ടവരായിരിക്കാമെങ്കിലും, നിങ്ങളുടെ പ്രതിഫലമായി രാജ്യത്തെ സ്വീകരിക്കുന്നതിനായി നിങ്ങൾ ഒരു ജയാളിയായിത്തീരണം. ജയാളികൾക്ക്, ക്രിസ്തുവിന്റെ രാജ്യത്തിൽ അവനോടുകൂടെ വാഴുന്നത് വിവാഹവിരുന്നായിരിക്കും.

## V. കുഞ്ഞാടിന്റെ വിവാഹ അത്താഴം

വാക്യം 9 പറയുന്നു, "അവൻ എന്നോട്, എഴുതുക, കുഞ്ഞാടിന്റെ വിവാഹ അത്താഴത്തിലേക്ക് വിളിക്കപ്പെട്ടവർ അനുഗൃഹീതർ എന്നു പറഞ്ഞു. അവൻ എന്നോട്, ഇതു ദൈവത്തിന്റെ സത്യവചനങ്ങൾ ആകുന്നു എന്നു പറഞ്ഞു." ഇവിടെ പരാമർശി ച്ചിരിക്കുന്ന കുഞ്ഞാടിന്റെ വിവാഹ അത്താഴം മത്തായി 22:2-ലെ വിവാഹവിരുന്നാണ്. ഇത് ജയിക്കുന്ന വിശ്വാസികൾക്കുള്ള പ്രതിഫലമായിരിക്കും. ഇതിലേക്ക്, രക്ഷിക്കപ്പെട്ട എല്ലാവരുമല്ല, ജയാളികൾ മാത്രമേ ക്ഷണിക്കപ്പെടുകയുള്ളൂ, മത്തായി 25:8-13-ലുള്ള മൂഢരായ അഞ്ചു കന്യകമാർക്ക് ഇതു നഷ്ടമാകും. എന്നാൽ രാജ്യയുഗത്തിൽ കർത്താവ് അവരോട് ഇടപെട്ടുകഴിയുമ്പോൾ, അവർ നിത്യതയിൽ പുതിയ യെരൂശലേമിൽ പങ്കെടുക്കും. ഇക്കാരണത്താൽ, സഹസ്രാബ്ദത്തിന്റെ ആസ്വാദനത്തിലേക്ക് ജയിക്കുന്ന വിശ്വാസികളെ ആനയിക്കുന്ന ക്രിസ്തുവിന്റെ വിവാഹവിരുന്നിന് ക്ഷണിക്കപ്പെടുന്നത് അനുഗ്രഹിക്കപ്പെടു ന്നതാണ്. കുഞ്ഞാടിന്റെ വിവാഹവിരുന്നിന് ക്ഷണിക്കപ്പെടുന്ന ജയാളികളായ വിശ്വാസികൾ കുഞ്ഞാടിന്റെ മണവാട്ടിയും ആയിരിക്കും. വാക്യം 9-ൽ പരാമർശിച്ചിരിക്കുന്ന അനുഗ്രഹം സഹസ്രാബ്ദത്തിൽ പങ്കെടുക്കുക എന്ന അനുഗ്രഹമാണ്.

"വിളിക്കപ്പെട്ടവർ അനേകർ; തിരഞ്ഞെടുക്കപ്പെട്ടവരോ ചുരുക്കം" എന്ന് മത്തായി 22:14-ഉം അവനോടുകൂടെയുള്ളവർ "വിളിക്കപ്പെട്ടവരും തിരഞ്ഞെടുക്കപ്പെട്ടവരും വിശ്വസ്തരുമാണ്" എന്ന് വെളിപ്പാട് 17:14-ഉം പറയുന്നു. വിളിക്കപ്പെടുന്നത് ഒരു കാര്യവും തിരഞ്ഞെടുക്കപ്പെടുന്നത് മറ്റൊരു കാര്യവുമാണ്. എതിർക്രിസ്തുവിനോട് യുദ്ധംചെയ്യുന്നതിന് കർത്താവിനെ അനുഗമിക്കുന്നവർ വിളിക്കപ്പെട്ടവർ മാത്രമല്ല, തിരഞ്ഞെടുക്ക പ്പെട്ടവരും ആയിരിക്കും. നാം വിളിക്കപ്പെട്ടവരാണെന്ന ഉറപ്പ് നമുക്കുണ്ടെങ്കിലും, നാം തിരഞ്ഞെടുക്കപ്പെട്ടവരായിരിക്കുമോ എന്ന ഉറപ്പ് നമുക്ക് ഇപ്പോഴും ഇല്ല. ഇതു തീരുമാനിക്കപ്പെടുന്നത് ക്രിസ്തുവിന്റെ ന്യായാസനത്തിൽ വച്ചായിരിക്കും. നാം എടുക്കപ്പെ ട്ടതിനുശേഷം, ന്യായാസനത്തിങ്കൽ കർത്താവിന്റെ മുമ്പാകെ നിൽക്കും, നാം തിരഞ്ഞെടുക്കപ്പെട്ടവരാകുവാൻ യോഗ്യരാണോ അല്ലയോ എന്ന് അവൻ തീരുമാനിക്കും. തിരഞ്ഞെടുക്കപ്പെട്ടവർ മാത്രമേ കുഞ്ഞാടിന്റെ വിവാഹവിരുന്നിന് ക്ഷണിക്കപ്പെടുകയുള്ളൂ.

## VI. യേശുവിന്റെ സാക്ഷ്യം

വാക്യം 10 പറയുന്നു, "അവനെ ആരാധിക്കുവാൻ ഞാൻ അവന്റെ കാൽക്കൽ വീണു. അവൻ എന്നോട്, അതരുത്. ഞാൻ നിന്റെയും യേശുവിന്റെ സാക്ഷ്യമുള്ള നിന്റെ സഹോദരന്മാരുടെയും

കൂട്ടടിമയാകുന്നു. ദൈവത്തെ ആരാധിക്കുക. എന്തെന്നാൽ യേശുവിന്റെ സാക്ഷ്യമാകുന്നു പ്രവചനത്തിന്റെ ആത്മാവ്." ക്ഷണിക്കപ്പെട്ട അതിഥികളായ മണവാട്ടി യേശുവിന്റെ സാക്ഷ്യമാണെന്ന് ഈ വാക്യം സൂചിപ്പിക്കുന്നു. ഇന്ന് സഭ യേശുവിന്റെ സാക്ഷ്യമായിരിക്കണമെങ്കിലും, നമ്മിൽ ചിലർ യേശുവിന്റെ സാക്ഷ്യത്തിന്റെ നിലവാരത്തിനു താഴെയാണ്. എങ്കിലും, വാക്യം 10-ന്റെ സമയത്ത് ക്ഷണിക്കപ്പെട്ട എല്ലാ ജയാളികളും പൂർണ്ണമായും ഈ നിലവാരത്തിലായിരിക്കും. കർത്താവ് തന്റെ മണവാട്ടിയെ നേടിയതിനുശേഷം, "ഈ മണവാട്ടി എന്റെ സാക്ഷ്യമാണ്" എന്നു പറഞ്ഞുകൊണ്ട് സാത്താനോടും സർവ്വപ്രപഞ്ചത്തോടും പ്രശംസിക്കുവാൻ അവനു കഴിയും.

യേശുവിന്റെ സാക്ഷ്യമാണ് പ്രവചനത്തിന്റെ ആത്മാവെന്ന് വാക്യം 10 പറയുന്നു. മുഴുവൻ വെളിപ്പാടുപുസ്തകത്തിനും ഒരു ആത്മാവുണ്ട്; ഈ ആത്മാവ് യേശുവിന്റെ സാക്ഷ്യമാണ്. പ്രവചനത്തിന്റെ ആത്മാവ് പ്രവചനത്തിന്റെ യാഥാർഥ്യവും, സാരാംശവും, സ്വഭാവവും, സവിശേഷതയും ആണ്. അങ്ങനെ, യേശുവിന്റെ സാക്ഷ്യമാണ് ഈ പുസ്തകത്തിലെ പ്രവചനത്തിന്റെ യാഥാർഥ്യവും, സാരാംശവും, സ്വഭാവവും, സവിശേഷതയും. ഇന്ന് യേശുവിന്റെ സാക്ഷ്യം സഭയാണ്. എങ്കിലും, സഭയിലെ എല്ലാ അംഗങ്ങളും കർത്താവിന്റെ നിലവാരത്തിൽ എത്തിച്ചേർന്നിട്ടില്ല. അതുകൊണ്ട് കർത്താവിനു സാത്താനോട്, "ഇതാണ് എന്റെ സാക്ഷ്യം. ഇത് അങ്ങേയറ്റം തികഞ്ഞതും പൂർണ്ണതയുള്ളതും ആണ്" എന്ന് പ്രഖ്യാപിക്കുവാൻ കഴിയുന്നതിനുമുമ്പ് അവന് മണവാട്ടി ഉണ്ടായിരിക്കുന്നതുവരെ കാത്തിരിക്കണം. അതിനാൽ, മണവാട്ടിയാണ് വെളിപ്പാട് പുസ്തകത്തിലെ പ്രവചനത്തിന്റെ യാഥാർഥ്യവും, സാരാംശവും, മൂലകവും. ഈ പുസ്തകം സഭാജീവിതത്തിനുവേണ്ടി, മണവാട്ടിക്കുവേണ്ടി ആണ്.